# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 866 — 28.09.2011-ൽ മറുപടിയ്ക്ക്

## മറാഠി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ നിലനിർത്തുന്നതിന് വേണ്ടി വർഷങ്ങളായി നടക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇവരെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ ? | കാസർഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത സമുദായത്തിന്റെ അതിനുള്ള അർഹത കണക്കിലെടുത്ത് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത ശുപാർശയിന്മേൽ അടിയന്തിരമായ നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ പട്ടികവർഗ്ഗ മന്ത്രാലയത്തിന് ഈ വകുപ്പിൽ നിന്നും 03.10.2008-നും, 31.08.2010-നും കത്തുകളയച്ചിരുന്നു. ഇക്കാര്യത്തിൽ ഇതേവരെ അനുഭാവപൂർവ്വമായ സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ